## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4098 — 24.06.2019-ൽ മറുപടിക്ക്

### പട്ടികവർഗ്ഗവിഭാഗക്കാരുടെ പി.എസ്.സി. വൺ ടൈം രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| പട്ടികവർഗ്ഗക്കാരായ തൊഴിൽരഹിതർ പി.എസ്.സി. വൺ ടൈം രജിസ്ട്രേഷൻ യഥാസമയം ചെയ്യാത്തതുമൂലം അവരുടെ തൊഴിലവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗക്കാരുടെ വൺ ടൈം രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിലന്വേഷണങ്ങൾ നടത്തുന്നതിനും പി.എസ്.സി വൺടൈം രജിസ്ട്രേഷൻ നടത്തുന്നതിനും പ്രയോജന പ്രദമാകത്തക്കവിധം ഓൺ ലൈൻ സഹായ കേന്ദ്രങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും പ്രവർത്തിച്ചുവരുന്നു. പി.എസ്.സി വിജ്ഞാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേനയും ട്രൈബൽ പ്രൊമോട്ടർമാർ മുഖേനയും എല്ലാ കോളനികളിലെയും മുഴുവൻ ഉദ്യോഗാർത്ഥികളെ അറിയിക്കുകയും ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ